# NIDAS: 6

## DEVELOPMENT OF READING & WRITING

## FREQUENTLY ASKED QUESTIONS

1. **കുട്ടികളിൽ എഴുത്തും വായനയും വികസിപ്പിക്കാൻ എന്തെല്ലാം ചെയ്യാം?**
    - എഴുതാനും വായിക്കാനും പ്രോത്സാഹിപ്പിക്കുക.
    - എഴുത്തിന്റേയും വായനയുടേയും വികാസത്തിന് ആശയവിനിമയം പ്രോത്സാഹിപ്പിക്കുക.
    - നേഴ്സറി പാട്ടുകൾ പാടാൻ പ്രോത്സാഹിപ്പിക്കുക.

2. **സംഭാഷണവും ഭാഷയും കുട്ടിയുടെ എഴുത്തും വായനയും വികസിക്കാൻ എത്രമാത്രം സഹായകരമാകും**
    - തലച്ചോറിന്റെ പ്രവർത്തനത്തിന് പാട്ടുകൾ, സംഭാഷണം, ആലോചന, മനസ്സിലാക്കൽ എന്നിവ അത്യാവശ്യമാണ്.
    - സംഭാഷണം – കുട്ടിയുമായി സംഭാഷണത്തിൽ ഏർപ്പെടുന്നത് അവന്റെ വായനയുടെ വികാസത്തെ വളരെയധികം സഹായിക്കും.
      മേൽപറഞ്ഞ കാര്യങ്ങൾ അവന്റെ ബുദ്ധിവികാസത്തേയും മറ്റുള്ളവരുമായുള്ള ഇടപെടലിനേയും സഹായിക്കും.

3. **എങ്ങനെയെല്ലാം കുട്ടികളിൽ സംഭാഷണം വളർത്തിയെടുക്കാം?**
    - ഉണർന്നിരിക്കുന്ന എല്ലാ സമയങ്ങളിലും കുട്ടിയുമായി സംഭാഷണത്തിൽ ഏർപ്പെടുക. ഉദാഹരണത്തിന്
        - മറ്റുള്ളവരുടെ പേരുകൾ
        - സൂപ്പർമാർക്കറ്റിലെ വസ്തുക്കൾ
        - വസ്തുക്കളിലെ വ്യത്യസ്തത ശ്രദ്ധിപ്പിക്കാം. ഉദാ:- ഷൂസിലെ വേൽക്രോ
        - നമ്മുടെ വികാരങ്ങൾ (സന്തോഷം, സങ്കടം)
    - കുട്ടിയുടെ സംസാരം ശ്രദ്ധാപൂർവ്വം കേൾക്കുക. അവന്റെ താത്പര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുക. ഉദാഹരണത്തിന് മോന് എന്ത് തോന്നുന്നു? അതുകൊണ്ട് നമുക്ക് എന്തുചെയ്യാം?
    - കുട്ടിയുമായി നിങ്ങളുടെ കുട്ടിക്കാലത്തെ രസകരമായ കഥകൾ പങ്കുവയ്ക്കാം.
      നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളെക്കുറിച്ച് (അപ്പൂപ്പൻ, അമ്മൂമ്മ, മുത്തശ്ശി) സംസാരിക്കണം.
    - കുട്ടിയുമായി ചേർന്ന് കഥകൾ ഉണ്ടാക്കണം.
    - കുട്ടികളിൽ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.
    - പുതിയ പുതിയ ആശയങ്ങളെക്കുറിച്ച് സംസാരിക്കുവാൻ, കുട്ടിയിൽ താത്പര്യം വളർത്തിയെടുക്കുകയും വേണം.

4. **എങ്ങനെയെല്ലാം കുട്ടികളിൽ വായന വളർത്തിയെടുക്കാം.**
    - കുട്ടിയുമൊത്ത് വായിക്കുക.( കുട്ടിയുടെ പ്രായം കണക്കിൽ എടുക്കേണ്ട ആവശ്യമില്ല). എത്രയും നേരത്തെ തുടങ്ങുകയാണെങ്കിൽ അത്രയും നല്ലത്.
    - കുട്ടിക്ക് ബുക്ക് പിടിക്കാനും പേജുകൾ മറിക്കാനുമുള്ള അവസരം നൽകുക (പ്രായത്തിനനുസരിച്ച്). ഇത് ബുക്ക് വായിക്കേണ്ട രീതി മനസ്സിലാക്കാൻ അവനെ സഹായിക്കും.

- നിങ്ങൾ കുട്ടിക്ക് ബുക്ക് വായിച്ചു കൊടുക്കുമ്പോൾ ചൂണ്ടി വായിക്കാൻ ശ്രദ്ധിക്കുക. ഇത് ഇട ത്തുനിന്നും വലത്തോട്ടാണ് വായിക്കേണ്ടത് എന്ന ആശയം മനസ്സിലാക്കി എടുക്കാൻ അവനെ സഹായിക്കും.
- ചിത്രങ്ങൾ ചൂണ്ടി സംസാരിക്കാനും, കുട്ടി ചൂണ്ടിക്കാണിക്കുന്ന ചിത്രങ്ങളെ പറ്റി സംസാരി ക്കാനും ശ്രദ്ധിക്കണം.
- ബുക്കിൽ കാണുന്ന മൃഗങ്ങൾ, പക്ഷികൾ, വസ്തുക്കൾ എന്നിവയുടെ ശബ്ദങ്ങൾ അനുകരി ക്കാൻ ശ്രദ്ധിക്കുക. ഇത് കുട്ടിയിൽ ബുക്ക് വായന ആസ്വാദകരമാക്കി തീർക്കും.

5. **നേഴ്സറി പാട്ടുകളുടെ പ്രാധാന്യം?**

- ശബ്ദവും വാക്കുകളും തമ്മിലുള്ള ബന്ധം മനസ്സിലാക്കാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗമാണ് പാട്ട്പാടുക എന്നുള്ളത്.
- സാമ്യമുള്ള വാക്കുകൾ വച്ച് പാട്ടുകൾ ഉണ്ടാക്കുക. കുട്ടി സാമ്യമുള്ള വാക്കുകൾ പറയുമ്പോൾ പ്രോത്സാഹിപ്പിക്കുക. ഉദാഹരണത്തിന് മാൻ, പാൻ, വാൻ. ഇത് നമുക്ക് എവിടെ വച്ച് ഏതവസരത്തിൽ വേണമെങ്കിലും കളിക്കാവുന്നതാണ്. അതായത് യാത്ര ചെയ്യുമ്പോഴോ ആഹാരം കഴിക്കുന്ന സമയത്തോ ഒക്കെ.
- നാക്കിന് വഴക്കം വരുന്ന വാക്യങ്ങളും വാക്കുകളും പറഞ്ഞു കളിക്കാം. ഉദാഹരണത്തിന് "പത്തു പച്ച തത്ത പനംതത്ത"

6. **കുട്ടികളിലെ വായന വികസിപ്പിക്കാൻ ഏതെല്ലാം വസ്തുക്കളും ഉപാധികളും ഉപയോഗിക്കാം.**

- ചിത്രങ്ങളും ബുക്കുകളും – ഇവയെക്കുറിച്ച് സംസാരിക്കണം
- അക്ഷരങ്ങളും വാക്കുകളും – ഇവയുടെ പേരുകളും ശബ്ദങ്ങളും മനസ്സിലാക്കി കൊടുക്കണം
- ശബ്ദങ്ങൾ – എങ്ങനെയാണ് വാക്കുകൾക്ക് സാമ്യത ഉണ്ടാകുന്നത് എന്ന് മനസ്സിലാക്കി കൊടുക്കൂക. ഉദാ:- കുട്ട-മുട്ട, ചീപ്പ്-ജീപ്പ്

7. **ഏങ്ങനെയാണ് 3- 4 വയസ്സുവരെയുള്ള കുട്ടികൾ എഴുതുന്നത്?**
**മിക്ക കുട്ടികളും**

- കഥകളിലൂടെയും ചിത്രങ്ങളിലുടേയും അവരുടെ ആശയങ്ങൾ പ്രകടമാക്കുന്നു.
- പെൻസിൽ /പേന /ക്രയോൺ/ മാർക്കർപേന/ എന്നിവ കൊണ്ട് എഴുതുന്നു.
- വൃത്തം, വരകൾ, ചിഹ്നങ്ങൾ എന്നിവ പകർത്താനും വരയ്ക്കാനും ശ്രമിക്കുന്നു.
- അവന്റെ പേരിലെ അക്ഷരങ്ങൾ എഴുതാൻ ശ്രമിക്കും.
- ദൈനംദിന ജീവിതത്തിൽ എഴുതിയും വരച്ചും ആശയവിനിമയം നടത്താം എന്ന് മനസിലാക്കു ന്നു.

8. **മാതാപിതാക്കൾക്ക് കൂട്ടികളിൽ എഴുതുവാനുള്ള കഴിവ് എങ്ങനെയെല്ലാം പ്രോത്സാഹിപ്പിക്കാം.**

- പെൻസിൽ, പേന, ക്രയോൺ, മാർക്കർ പേന, ചോക്ക്, പേപ്പർ, മുതലായവ യഥേഷ്ടം നൽകുക.
- അവരുടെ ആശയങ്ങളും കഥകളും ചിത്രങ്ങളിലൂടെ പ്രകടിപ്പിക്കാൻ പ്രേരിപ്പിക്കുക.
- അവന്റെ പേര് എഴുതാനും പകർത്താനും പഠിപ്പിക്കുക.
- എഴുത്തു ഭാഷ കുട്ടിയുടെ ജീവിതത്തിലെ ഒഴിച്ചു കൂടാനാകാത്ത ഭാഗമാണെന്ന് മനസിലാക്കിക്കു ക (പരസ്യങ്ങൾ, ലേബലുകൾ, സൂചന ബോർഡുകൾ എന്നിവ ശ്രദ്ധിപ്പിക്കുക.)
- കുട്ടിയുടെ എല്ലാ വസ്തുക്കളിലും(belongings) അവന്റെ പേര് എഴുതുക. നോട്ട്ബുക്കിലും ക്ര യോൺ ബോക്സിലും മറ്റും കുട്ടിയെ കൊ ് പേര് എഴുതിപ്പിക്കുക / ഒട്ടിപ്പിക്കുക.
- കളിമാവ്, ചപ്പത്തിമാവ്, കളിമണ്ണ് എന്നിവ കൊ ് അക്ഷരങ്ങൾ ഉ ാക്കാൻ പ്രേരിപ്പിക്കുക.

9. **എഴുത്തിന്റേയും വായനയുടേയും ബുദ്ധിമുട്ടുകൾ സൂചിപ്പിക്കുന്ന സൂചനകൾ ഏതെല്ലാം?**

- കുട്ടികളിൽ എഴുത്തും വായനയും വികസിക്കുന്നത് പല തോതിൽ ആണ്. ചില കുട്ടികൾ കുട്ടിക്കാലത്ത് എഴുത്തിലും വായനയിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശീലനം കൊണ്ട് തരണം ചെയ്യുന്നു. മറ്റു ചിലരിൽ ഇത് സാധ്യമാകുന്നില്ല.
- വളരെ ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിൽ കാണുന്ന ചില സൂചനകളിൽ നിന്നും അവർക്ക് എഴുത്തിലും വായനയിലും ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ നമുക്ക് മനസ്സിലാക്കാം. ഉദാഹരണത്തിന് (പദസമ്പത്തിൽ ഉണ്ടാകുന്ന കുറവ്, ശ്രദ്ധിക്കാനുള്ള ബുദ്ധിമുട്ട്, അക്ഷരങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്, സാമ്യതയുള്ള വാക്ക് മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്)
- കുട്ടി  എഴുത്തിനോടും പകർത്തിയെഴുതുന്നതിനോടും ഇഷ്ടക്കേട് കാണിക്കുന്നു.
- വരകളും ആകൃതികളും വരയ്ക്കാൻ കുട്ടി ബുദ്ധിമുട്ടുന്നു.
- വരയ്ക്കാനും പകർത്തി എഴുതാനും കൂടുതൽ സമയമെടുക്കുന്നു.
- മോശമായ കൈയക്ഷരം
- ആകൃതികളും അക്ഷരങ്ങളും അക്കങ്ങളും മറന്നു പോകുന്നു.
- അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും മിക്കവാറും തിരിച്ചോ തെറ്റിച്ചോ എഴുതുന്നു.
- അനാവശ്യമായി  ചിഹ്നങ്ങൾ (Punctuations) ഉപയോഗിക്കുന്നു.
- പേപ്പറിൽ വാക്കുകൾ എഴുതാൻ ബുദ്ധിമുട്ടുന്നു.
- എഴുതുമ്പോൾ അക്ഷരങ്ങളും വാക്യങ്ങളും തെറ്റിക്കുന്നു.

**10. നിങ്ങളുടെ കുഞ്ഞിന് എഴുത്തിനും വായനയ്ക്കും ബുദ്ധിമുട്ടുണ്ടായാൽ എന്ത് ചെയ്യണം?**

- അദ്ധ്യാപികയുമായി കുട്ടിയുടെ എഴുത്തിന്റേയും വായനയുടേയും പുരോഗതിയെ പറ്റി ചർച്ച ചെയ്യുക.
- എത്രയും നേരത്തേ ബുദ്ധിമുട്ടുകൾ എന്താണെന്ന് മനസ്സിലാക്കി അത് മാറ്റിയെടുക്കാനുള്ള പരിശീലനം തുടങ്ങുക.
- തെറ്റുകൾ ആവർത്തിച്ചാലും വീണ്ടും വീണ്ടും പരിശ്രമിക്കാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുക.
- വായന ദിനചര്യയുടെ ഭാഗമാക്കി മാറ്റുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുക.
- കുട്ടിയുമൊത്ത് വായിക്കാൻ നിങ്ങളും സമയം കണ്ടെത്തുക.
- കുട്ടി വായിക്കാൻ ബുദ്ധിമുട്ടുന്ന സമയത്ത് നിങ്ങൾ വായിച്ചു കൊടുത്ത് അവൻ വായനയിൽ നേരിടുന്ന പ്രയാസം ലഘൂകരിക്കുക.
- ദൈനംദിന ജീവിതത്തിൽ കുട്ടിക്ക് വായിക്കാൻ കിട്ടുന്ന എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തുക. ഉദാ:- സൂചനബോർഡ്. ലേബലുകൾ, പരസ്യബോർഡുകൾ എന്നിവയൊക്കെ വായിപ്പിക്കാം.
- കുട്ടിയുടെ സാന്നിധ്യത്തിൽ നിങ്ങൾക്ക് കത്ത് എഴുതുകയും സന്ദേശങ്ങൾ അയയ്ക്കുകയും ചെയ്യാം. ഇതിലൂടെ എഴുത്തിന്റേയും വായനയുടേയും പ്രയോജനം മനസ്സിലാക്കി കൊടുക്കാം.

**11. നമുക്ക് ആരുടെ എല്ലാം സഹായം തേടാം?**

- ഞരമ്പു രോഗ വിദ്ഗദ്ധൻ (ന്യൂറോളജിസ്റ്റ്)
- സ്പീച്ച് തെറാപ്പിസ്റ്റ്
- സൈക്കോളജിസ്റ്റ്
- ഓക്കുപ്പേഷണൽ തെറാപ്പിസ്റ്റ്
- സ്പെഷ്യൽ എഡ്യൂക്കേറ്റർ

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ

ഡോ സുജ കെ കുന്നത്ത് 0471-3066603 (OFFICE)
അസോസിയേറ്റ് പ്രൊഫസർ, ഹെഡ് ന്യൂറോ ഡവലപ്പമെന്റൽ സയൻസ്
നിഷ്, തിരുവനന്തപുരം.

മിസ്സ്. ലക്ഷ്മി എസ് മോഹൻ
സ്പീച് ലാംഗ്വേജ് പതോളജിസ്റ്റ് / ഓഡിയോളജിസ്റ്റ്,
ന്യൂറോ ഡവലപ്പമെന്റൽ സയൻസ്
നിഷ്, തിരുവനന്തപുരം 0471-3066634(OFFICE)

മിസ്സ്. രജിത
സോഷ്യൽ വർക്കർ
നിഷ്,തിരുവനന്തപുരം 0471-3066638(OFFICE)